(സി) ഭരണാനുമതി നല്കിയ പദ്ധതികളിൽ പ്രവർത്തി ആരംഭിക്കാൻ അവശേഷിക്കുന്നവ ഏതെല്ലാം ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

വികലാംഗ സംഘടനകളുടെ നിരാഹാര സത്യാഗ്രഹം

27 (3217) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് 1997 ആഗസ്റ്റ് 15 വരെ താല്ക്കാലിക സർവ്വീസുണ്ടായിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തിയ നടപടിയുടെ ഭാഗമായി 1997 ഡിസംബർ 31 വരെ താല്ക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗരെക്കൂടി സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് വികലാംഗരുടെ സംഘടന നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ആവശ്യം ഉന്നയിച്ച് വികലാംഗരുടെ സംഘടന സെക്രട്ടേറിയറ്റ് പടിക്കൽ നിരാഹാര സത്യാഗ്രഹം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 1997 ഡിസംബർ 31 വരെ താല്ക്കാലിക സർവീസിലുണ്ടായിരുന്ന വികലാംഗരെക്കൂടി സ്ഥിരപ്പെടുത്തണമെന്ന് കാണിച്ച് കായംകുളം എം.എൽ.എ മുഖ്യമന്ത്രിക്കു നൽകിയ നിവേദനങ്ങൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് 1-1-1997 നും 14-8-1998 നും ഇടയിൽ താല്ക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗരെ സർവ്വീസിൽ റഗുലറൈസ് ചെയ്യുന്നതിന് അനുവദിച്ചുകൊണ്ട് 13-10-1999-ൽ ജി.ഒ. (പി) 18/99/പി. ആന്റ് എ. ആർ.ഡി ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ഈ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

ഐ. റ്റി. ഡിപ്പാർട്ടുമെന്റിൽ ഡെപ്യൂട്ടേഷൻ

28 (3218) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ടുമെന്റിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കെൽടെകിലെ മാനേജർ ആയ ശ്രീ. കെ. ഗിരീഷ് ബാബുവിനെ ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly